# Desabhimani

# 28 July 2018

# Dam Repair 1.4 Crore



# ബണ്ടുകളുടെ കേടുപാട് തീർക്കാൻ 1.4 കോടി

സ്വന്തം ലേഖകൻ

തിരുവനന്തപുരം

ആലപ്പുഴ, കോട്ടയം ജില്ലകളെ പ്രളയബാധിതമായി പ്രഖ്യാപിച്ചതിനെ തുടർന്ന് ദുരന്തനിവാരണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തിയാക്കാൻ സർക്കാർ നിർദേശം നൽകി.

മടവീഴ്ചയുണ്ടായ ബണ്ടുകൾ അടിയന്തരമായി കേടുപാടുകൾ തീർക്കുന്നതിന് പ്രാഥമികമായി 1.4 കോടി നഷ്ടപരിഹാരമായി അനുവദിക്കും.

ജില്ലാ കലക്ടറുടെ നേതൃത്വത്തിൽ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, കൃഷി ഓഫീസർ എന്നിവർ ഉൾപ്പെട്ട സമിതിയെ ഇതിനായി ചുമതലപ്പെടുത്താൻ തീരുമാനിച്ചു. ഇതിന് ആവശ്യമായ തുകയുടെ 20 ശതമാനം മുൻകൂറായി നൽകുന്നതിന് ജില്ലാ കലക്ടറെ ചുമതലപ്പെടുത്തി.

## പമ്പിങ് സബ്സിഡി കുടിശ്ശിക തീർക്കാൻ 17.26 കോടി

പമ്പിങ് സബ്സിഡി കുടിശ്ശിക തീർത്തു നൽകുന്നതിന് 17.26 കോടി അനുവദിക്കും. നിലവിലുള്ള നിയമം അനുസരിച്ച് വിളവെടുപ്പിന് ശേഷം മാത്രമാണ് പമ്പിങ് സബ്സിഡി അനുവദിക്കുന്നത്.

പ്രത്യേക സാഹചര്യത്തിൽ പമ്പിങ് സബ്സിഡിയിൽ നിലവിലുള്ള മാനദണ്ഡങ്ങളിൽ ഇളവു വരുത്തും.

മടവീഴ്ച ഉണ്ടാകാതെ സംരക്ഷിച്ചു നിർത്തിയ ബണ്ടുകൾ പരിശോധിച്ച് സാമ്പത്തിക സഹായം നൽകാൻ തത്വത്തിൽ തീരുമാനമായി. ഇതിനാവശ്യമായ തുക കണക്കാക്കി ജില്ലാ കലക്ടറെ അറിയിക്കാൻ കൃഷി വകുപ്പിലെ എൻജിനീയർമാർക്ക് നിർദേശം നൽകി.

പ്രാഥമിക റിപ്പോർട്ട് പ്രകാരം 15,000 ഹെക്ടർ സ്ഥലത്ത് നെൽക്കൃഷി നഷ്ടമുണ്ടാവുകയും ഇവിടെ ആവർത്തന കൃഷിക്ക് ആവശ്യമായ വിത്ത് സൗജന്യമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.